2011
സെപ്റ്റംബർ
Reg. No. 29542/76
Vol. 34. No: 9

# HIGHRANGE ECHO

ബ്രദറൺ ഗോസ്പൽ ടീമിന്റെ മുഖപത്രം

### മുഖം

### സകലവും നന്മയ്ക്കായി

എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്ക് നിർണ്ണയ പ്രകാരം വിളിക്കപ്പെട്ടവർക്കു തന്നെ സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു എന്നു നാം അറിയുന്നു. റോമർ 8:28.

ജീവനുള്ള ഏതു വസ്തുവും വളർന്നുകൊണ്ടിരിക്കും. ക്രിസ്തീയ ജീവിതം വളർച്ചയുടേതാണ്. ഒരിക്കൽ ആരംഭമിട്ട ക്രിസ്തീയ ജീവിതം ജീവിതകാലം മുഴുവൻ വിഭിന്ന അനുഭവങ്ങളിലൂടെ കടന്ന് പൂർണ്ണതയിലേക്കു വളരുന്നു. സുഖവും, ദുഃഖവും, ജയവും, പരാജയവും ഒരുപോലെ വളർച്ചയ്ക്കു സഹായകരമാണ്. അനുഭവങ്ങൾ നമ്മെ പുതിയ പാഠങ്ങൾ പഠിപ്പിക്കും. ക്രിസ്തീയ ജീവിതം ലക്ഷ്യത്തിലെത്തുവാൻ കുറുക്കു വഴികളില്ല. അത് വേരൂന്നി വളരുന്ന ചെടിക്ക് സമമാണ്. മാനസാന്തരവും വീണ്ടും ജനനവും പ്രാരംഭം മാത്രമാണ്.

എന്നാൽ ധന്യമായ ക്രിസ്തീയ ജീവിതം ദീർഘനാളുകളിലെ അനുഭവങ്ങൾകൊണ്ടാണ് രൂപപ്പെടുന്നത്. ശമുവേൽ ബാല്യകാലത്ത് ദുർവൃത്തന്മാരായ ഹൊഫ്നിയോടും, ഫിനെഹാസിനോടും കൂടെ പാർത്തുവെങ്കിലും സ്വന്തജീവിതത്തിൽ കളങ്കം പുരളാതെ സൂക്ഷിച്ചു. മിസ്രയീമ്യനെ അടിച്ചുകൊന്നതും തുടർന്നു മരുഭൂമിയിൽ ദീർഘവർഷങ്ങൾ അലഞ്ഞുനടന്നതും മോശയുടെ സ്വഭാവത്തിൽ രൂപാന്തരം വരുത്തുവാൻ സഹായകമായി. ദാവീദിന്റെ ജീവിതത്തിൽ പരാജയങ്ങൾ ഭവിച്ചതും, പാശ്ചാത്തപിച്ചതും എല്ലാം ദൈവഹൃദയപ്രകാരമുള്ള മനുഷ്യനെന്ന പേരിനു അർഹനാകുവാൻ സഹായകമായി. ജീവിതത്തിലെ ഓരോ അനുഭവങ്ങളും ഓരോ പുതിയ പാഠം പഠിപ്പിക്കുന്നു. ആ പാഠങ്ങൾ ഉൾക്കൊണ്ടു വളരണം.

*സംഗ്രഹം : ഏതു അനുഭവത്തെയും നമ്മുടെ ആത്മീക വളർച്ചക്കായി രൂപാന്തരപ്പെടുത്തി നന്മയ്ക്കായി കൂടി വ്യാപരിപ്പിക്കാം.*

### മാത്തൂച്ചായൻ




അച്ചായൻ ഈ വലിയ മഴയിൽ നമ്മുടെ സഭാംഗങ്ങളുടെ വീടുകൾ സന്ദർശിച്ചു പോകേണ്ട. മഴ നനഞ്ഞാൽ പനി വരും.

കുഞ്ഞേലിയാമ്മേ! അവരെല്ലാം വീട്ടിൽ കാണും. മരം വീണ് തകർന്ന സഭാ മന്ദിരം നന്നാക്കണ്ടേ? അടുത്ത ഞായറാഴ്ചയ്ക്കു മുമ്പ് അതിനുള്ള പണിക്കാരും തുകയും ഇന്നു തന്നെ ഉണ്ടാക്കണ്ടേ?

# തിരുവചനങ്ങളിലേയ്ക്ക് തിരിഞ്ഞു വരാം

**കെ. ജി. കുര്യൻ**



**ദൈ**വത്തെക്കുറിച്ചുള്ള അജ്ഞതയാണ് അനേകരും സഭയെ അവഗണിക്കുന്നതിനുള്ള കാരണം. സഭയുടെ സാക്ഷാൽ സ്വഭാവത്തെ മനസ്സിലാക്കിയിരുന്നെങ്കിൽ ഇന്നു നിലവിലിരിക്കുന്ന ഒട്ടുവളരെ കുഴപ്പങ്ങൾ സഭയിൽ നേരിടുക ഇല്ലായിരുന്നു.ദൈവസഭയുടെ ഒരംഗമായിരിക്ക എന്നുള്ളത് എന്തു മാത്രം വിലയും നിലയുമുള്ള ഒരു കാര്യമാണെന്നു പറഞ്ഞറിയിക്കേണ്ടതില്ല. അതറിയുന്നവർ സഭയേയും സഭാംഗത്വത്തേയും വളരെ വിലമതിക്ക തന്നെ ചെയ്യും. 'സഭ പരാജയപ്പെട്ടു' എന്നിങ്ങനെ സാധാരണ പറയാറുണ്ട്. എന്നാൽ യാഥാർത്ഥ്യം അതല്ല. സഭയുടെ അർത്ഥം മനുഷ്യൻ ഗ്രഹിക്കാതെ പോയതിലാണ് പരാജയം അടങ്ങിയിരിക്കുന്നത്. ദൈവസഭ ഒരു കാലവും തോൽവി അടകയില്ല. പാതാള വാതിലുകൾ തന്നെ അതിനെ ജയിക്കയില്ല എന്നു കർത്താവു തന്നെ പറഞ്ഞിട്ടുണ്ട്.

#### സഭ എന്നാൽ എന്ത്?

പുതിയ നിയമത്തിൽ സഭ എന്ന വാക്ക് നാലർത്ഥത്തിൽ ഉപയോഗിച്ചിട്ടുണ്ട്. ഒന്നാമത്തെ അർത്ഥം ഒരു സാധാരണ കൂടി വരവ് എന്നതാണ്. 'ഒരു സ്ഥലത്തെ വിശ്വാസികളുടെ കൂട്ടം' എന്നുള്ളതാണ് രണ്ടാമത്തെ അർത്ഥം. മൂന്നാമത് ക്രിസ്തുവിൽ വിശ്വസിച്ചിരിക്കുന്ന സകലരും ഒന്നുചേർന്നുള്ള സംഘം എന്നത്രേ. 'ക്രിസ്തു ശരീരം' എന്നുള്ളതാണ് നാലാമത്തെ അർത്ഥം. പുതിയ സർവ്വപ്രധാനമായ അർത്ഥം ഇതാണ്. സഭയ്ക്ക് എക്ളിസിയാ എന്ന പദമാണ് മൂലഭാഷയിൽ ഉപയോഗിച്ചിരിക്കുന്നത്. വിളിച്ചു വേർതിരിക്കുക എന്നതിന്റെ അർത്ഥം. ഈ വാക്ക് 114 പ്രാവിശ്യം പുതിയ നിയമത്തിൽ വരുന്നുണ്ട്. അതിൽ 111 പ്രാവിശ്യവും ക്രിസ്തു ശരീരത്തെ ഉദ്ദേശിച്ചാണ് ചേർത്തിരിക്കുന്നത്.

#### സഭയുടെ ഉത്ഭവം

ദൈവത്തിന്റെ ആലോചനയിൽ ലോകോല്പത്തിക്കു മുമ്പു തന്നെ സഭ ഉത്ഭവിച്ചു എന്നു പറയാം. തൻ നിമിത്തം സഭ വളരെ ഔന്നത്യം ഉള്ളതാണ്. അതിന്റെ ഒരംഗമായിരിക്കയെന്നുള്ളത് ഒരു മഹത് പദവിയുമാണ്. ചാരിത്രീകമായി സഭയുടെ ഉത്ഭവം പെന്തക്കോസ്തിലാണ്. ക്രിസ്തുവിന്റെ മരണ പുനരുത്ഥാനങ്ങളാണ് അതിന്റെ അടിസ്ഥാനം. തന്റെ പുനരുത്ഥാനത്തിനും സ്വർഗ്ഗാരോഹണത്തിനും മുമ്പ് സഭ ഉണ്ടായിരുന്നു എന്നു വിചാരിക്കാൻ പുതിയ നിയമത്തിലെ ഉപദേശരൂപം അനുവദിക്കുന്നില്ല. "അവൻ സഭ എന്ന ശരീരത്തിന്റെ തലയുമാകുന്നു. സകലത്തിലും താൻ മുമ്പനാകേണ്ടതിന് അവൻ ആരംഭവും മരിച്ചവരുടെ ഇടയിൽ നിന്നു ആദ്യമായി എഴുന്നേറ്റവനുമാകുന്നു. (കൊലൊ. 1.18). എല്ലാ സൃഷ്ടിയുടെയും ശിരസ്സാകുന്നു ക്രിസ്തു. എന്നാൽ പുനരുത്ഥാനത്തിലാണ് താൻ സഭയുടെ ശിരസ്സായി തീർന്നത്. പെന്തക്കോസ്തിനു മുമ്പ് സഭ ഉണ്ടായിരുന്നു എന്നുള്ളതിന് മത്തായി 16.18 തെളിവാണ്. ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും എന്നു ഭാവികാല ക്രിയ ഉപയോഗിച്ചാണ് കർത്താവു സഭയുടെ കാര്യം പറയുന്നത്. ഇതുകൊണ്ടു സഭ അപ്പോൾ ഭൂമിയിൽ ഇല്ലായിരുന്നു എന്നു വ്യക്തമാണ്. പരിശുദ്ധാത്മാവാണ് സഭയുടെ കെട്ടുപണിക്കാരൻ. പരിശുദ്ധാത്മ സ്നാനത്താലാണ് സഭ ഉരുവായത്. 1 കൊരി 12.13. ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിനു ശേഷമേ പരിശുദ്ധാത്മ സ്നാനത്താലാണ് ലോകത്തിൽ വന്നുള്ളു എന്നു യോഹന്നാൻ 14 മുതൽ 16 വരെ അദ്ധ്യായങ്ങളിൽ വിശദീകരിക്കുന്നു. പരിശുദ്ധാത്മാവ് ഭൂമിയിൽ വന്നതു പെന്തെക്കോസ്തിലാണെന്നുള്ളത് തർക്കരഹിതമാണ്. പ്രവർത്തി ഒന്നാമദ്ധ്യായത്തിൽ 120 പേരുടെ സംഘം എന്നു കാണുന്നു. (പ്രവ. 1.15) എന്നാൽ രണ്ടാമദ്ധ്യായം 47 -ൽ കർത്താവു രക്ഷിക്കപ്പെടുന്നവരെ ദിനംപ്രതി സഭയോടു ചേർത്തുകൊണ്ടിരുന്നു എന്നാണു നാം വായിക്കുന്നത്. സഭയുടെ രൂപീകരണം പ്രവർത്തി രണ്ടിൽ പെന്തക്കോസ്തിൽ ആയിരുന്നു. അന്നു മുതൽ ഇന്നുവരെ സഭ വളർന്നു കൊണ്ടേയിരിക്കുന്നു.

#### സഭയുടെ സ്വഭാവം

സഭയെക്കുറിച്ചു ശരിയായി മനസ്സിലാക്കണമെങ്കിൽ അതിന്റെ പ്രധാന ലക്ഷണങ്ങൾ അറിഞ്ഞിരിക്കേണ്ടതാണ്. സഭ ദൈവരാജ്യമല്ല. എന്നാൽ ദൈവരാജ്യത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. ദൈവീക ഭരണത്തിന്റെ പരിപൂർണ്ണ വിസൃതിയാണ് ദൈവരാജ്യം കാണിക്കുന്നത്. ദൈവം സകലത്തിന്റെയും അധിനാഥനാണ്. തന്റെ രാജ്യം നിത്യരാജ്യവുമാണ്. ഇനിയും, സഭ സ്വർഗ്ഗരാജ്യമല്ല. സ്വർഗ്ഗരാജ്യവും ദൈവരാജ്യവും തമ്മിൽ വളരെ ബന്ധമുണ്ടെങ്കിലും തമ്മിലുള്ള വ്യത്യാസവും നാം ഗ്രഹിച്ചിരിക്കണം. യേശുക്രിസ്തു മിശിഹ എന്നുള്ള നിലയിൽ ഈ ഭൂമിയെ ഭരിക്കുന്നതിനെയാണ് സ്വർഗ്ഗരാജ്യം കുറിക്കുന്നത്. ദാവീദിനോടു ഉദയ സമ്മതം ചെയ്ത രാജ്യവും, സമീപിച്ചിരിക്കുന്നു എന്ന യോഹന്നാൻ സ്നാപകൻ പ്രസിദ്ധം ചെയ്ത രാജ്യവും ഒന്നു തന്നെയാണ്. യഹൂദന്മാർ തങ്ങളുടെ മിശിഹായെ നിഷേധിച്ചു ക്രൂശിച്ചുകൊണ്ട് ആ ഭരണം നിറവേറിയില്ല. ലോകരാജ്യങ്ങൾ ക്രിസ്തുവിന്റെ രാജ്യമായിതീരുമ്പോൾ സ്വർഗ്ഗരാജ്യത്തെ പറ്റിയുള്ള കാര്യങ്ങൾ നിറവേറുന്നതായിരിക്കും.

(തുടരും)

# സഭയും സഭകളും സ്വാതന്ത്ര്യവും

**എം.ഇ. ചെറിയാൻ**



**സ**ഭ എന്ന് ഏകവചനത്തിലും സഭകൾ എന്ന് ബഹുവചനത്തിലും പുതിയ നിയമത്തിൽ ഉപയോഗിച്ചിട്ടുണ്ട്. സഭ എന്നത് സ്ഥലകാല പരിധികൾക്ക് ഉൾപ്പെടാതെ ഏതുകാലത്തും ഏതു സ്ഥലത്തുമുള്ള എല്ലാ വിശ്വാസികളും ചേർന്ന സാർവത്രിക സഭയാണ്. സഭകൾ എന്നത് അതാതു കാലത്ത് അതാതു സ്ഥലത്തു കൂടിവരുന്ന വിശ്വാസികളുടെ കൂട്ടമായ പ്രാദേശിക സഭകളാണ്. അഥവാ സ്ഥലം സഭകളാണ്.

എഫെസ്യ കൊലൊസ്യ ലേഖനങ്ങളിൽ മുഖ്യമായി സാർവത്രിക സഭയെപ്പറ്റിയുള്ള ഉപദേശങ്ങളാണു നാം കാണുന്നത്. എന്നാൽ ഒന്നും രണ്ടും കൊരിന്ത്യയിലും ഒന്നു തിമൊഥെയൊസിലും പ്രാദേശിക സഭകളെപ്പറ്റിയുള്ള ഉപദേശങ്ങൾ ഉണ്ട്. സാർവത്രിക സഭയെപ്പറ്റി നാം ചുരുക്കമായി ചിന്തിച്ചു കഴിഞ്ഞു. ഇനിയും പ്രാദേശിക സഭകളെപ്പറ്റി തിരുവെഴുത്തു എന്തു പറയുന്നുവെന്ന് നോക്കാം.

രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ കൂടിവരുന്നേടത്തൊക്കെയും ഞാൻ അവരുടെ നടുവിലുണ്ട്. മത്താ. 18:20 എന്ന് കർത്താവ് പറയുമ്പോൾ പ്രാദേശിക സഭകളുടെ രൂപീകരണത്തെപ്പറ്റി ഒരു വിശദീകരണം നമുക്കു ലഭിക്കുന്നുണ്ട്. ഒരു സ്ഥലത്ത് ഒരു സഭ രൂപീകരിക്കുന്നതിന് കുറഞ്ഞത് രണ്ടോ മൂന്നോ വിശ്വാസികൾ ഉണ്ടായാൽ മതി. അവർ കർത്താവിന്റെ നാമത്തിൽ കൂടിവരുമ്പോൾ കർത്താവ് അവരുടെ നടുവിൽ വരികയും അവരെ ആശീർവദിക്കുകയും ചെയ്യുന്നു. " എന്റെ നാമത്തിൽ" എന്നതിൽ നിന്നും കൂടിവരുന്നവർക്ക് കർത്താവാണ് തലവൻ ആയിരിക്കേണ്ടതെന്നും " കൂടിവരുന്നേടത്തൊക്കെയും" എന്നതിൽ നിന്നും പഴയനിയമകാലങ്ങളിലെപ്പോലെ കൂടിവരുന്നതിന് ദേവാലയങ്ങളോ പ്രത്യേക ആരാധനാസ്ഥലങ്ങളോ ആവശ്യമില്ലെന്നും സിദ്ധിക്കുന്നു. എവിടെയും കൂടാം.

ദൈവസഭ (1 കൊരി. 11:16), ക്രിസ്തു സഭ (റോമ. 16:16), വിശുദ്ധന്മാരുടെ സഭ (1 കൊരി. 14:34) ഈ മൂന്നുപേരുകളാണ് സഭയ്ക്കു തിരുവെഴുത്തിൽ നാം കാണുന്നത്. ദൈവസഭ എന്നത് മനുഷ്യനാലല്ല ദൈവത്താൽ ഉളവായതാണു സഭ എന്ന് നമ്മെ ഗ്രഹിപ്പിക്കുന്നു. സഭയുടെ തല ക്രിസ്തു. "അവൻ അവൾക്കുവേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുത്തു" അതിനാൽ സഭ ക്രിസ്തു സഭയായി. സഭാംഗങ്ങൾ അവിടുത്തെ വിലയേറിയ രക്തത്താൽ വിശുദ്ധീകരിക്കപ്പെട്ടവർ മാത്രമാണ്. അതുകൊണ്ട് സഭയ്ക്ക് വിശുദ്ധന്മാരുടെ സഭ എന്നു പേരായി. സ്ഥലം സഭകളെ അതാതു സ്ഥലത്തിന്റെ പേരുകൂടെ ചേർത്തു വിളിച്ചു വന്നു.

*കൊരിന്തിലുള്ള ദൈവസഭ 1 കൊരി. 1:12*

*എഫെസോസിലെ സഭ വെളി 2:1*

*നുംഫയുടെ വീട്ടിലെ സഭ കൊലൊ 4:15*

ഒരു ഡിസ്ട്രിക്ടിലോ രാജ്യത്തോ ഉള്ള അനേക സഭകളെ ചേർത്ത് ഒരു പൊതുവായ പേരു വിളിച്ചു വന്നില്ല. ഉദാഹരണമായി 1 കൊരി. 16:1 നോക്കുക. അവിടെ ഗലാതൃസഭകൾ എന്നു നാം വായിക്കുന്നു. ഗലാതൃയിലുള്ള അനേകം സഭകളെ ചേർത്ത് ഒന്നായി ഗലാതൃസഭയെന്നു പറയുന്നില്ല ഗലാ 1:2.

മക്കദോന്യസഭകൾ (2 കൊരി. 8:1), യഹൂദ്യയിലെ സഭകൾ (ഗലാ 1:22), ആസ്യയിലെ സഭകൾ (വെളി 1:4) മുതലായവ നോക്കുക. ഇന്ന് പലരും ഒരു സെന്ററിലോ രാജ്യത്തോ ഉള്ള അനേകം പ്രാദേശിക സഭകളെ സംഘടിപ്പിച്ച് ഒരു പ്രത്യേക പേരിൽ സംബോധന ചെയ്തു വരുന്നത് തിരുവെഴുത്തിലെ തെളിഞ്ഞ നടപടികൾക്ക് എതിരായിട്ടുള്ളതാണ്. റോമാപട്ടണത്തെ കേന്ദ്രമാക്കി റോമാസഭ, നവീകരണനേതാവായ ലൂഥറിന്റെ പേരു ചേർത്ത് ലൂഥറൺ സഭ, ബാപ്റ്റിസം അല്ലെങ്കിൽ സ്നാനം എന്ന ശുശ്രൂഷയുടെ പേരിൽ ബാപ്റ്റിസ്റ്റുസഭ, പരിശുദ്ധാത്മ സ്നാനം നല്കപ്പെട്ട ഒരു യഹൂദ പെരുന്നാൾ ദിവസത്തിന്റെ പേരിൽ പെന്തക്കോസ്തു സഭ. ഇങ്ങനെ അനേകം പേരുകൾ ഇന്നു നാം കാണുന്നു. ഇതൊന്നും വചനാനുസരണമല്ല. ക്രിസ്തുവിന്റെ വിശുദ്ധ സഭയ്ക്ക് ഒരു പട്ടണത്തിന്റെയോ ഒരു വിശ്വാസിയുടെയോ ഒരു ക്രിസ്തീയ ശുശ്രൂഷയുടെയോ ഒരു പ്രത്യേക ദിവസത്തിന്റെയോ പേരു കൊടുക്കുന്നത്. ആ പട്ടണവും വിശ്വാസിയും ക്രിസ്തീയ ശുശ്രൂഷയും പ്രത്യേക ദിവസവുമെല്ലാം എത്രമാത്രം ശ്രേഷ്ഠമായിട്ടുള്ളതാണെങ്കിലും, സകല നാമത്തിനും മേലായ ക്രിസ്തുവിന്റെ നാമത്തിനു ഒരു അവമതി വരുത്തുകയും ഏക ശരീരമായ ക്രിസ്തു സഭ പിളർക്കുവാൻ ശ്രമിക്കുകയുമാണ്. കർത്താവിന്റെ സഭയ്ക്ക് കർത്താവിട്ട പേരുകൾ അല്ലാതെ മറ്റൊന്നിടുവാൻ മനുഷ്യർക്ക്, അവർ ആരായാലും, അവകാശമില്ല.

സഭകൾക്കുള്ള പേരാണ് മുകളിൽ നാം ചിന്തിച്ചത്. വിശ്വാസികൾക്കുള്ള പേരുകൾകൂടെ ഈ വിഷയത്തോടുള്ള ബന്ധത്തിൽ ചിന്തിക്കുന്നത് പ്രയോജനകരമായിരിക്കും. വിശ്വാസികൾക്കും തിരുവെഴുത്തിൽ ഏതെങ്കിലും ഒരു പ്രത്യേക പേരു മാത്രം കൊടുക്കപ്പെട്ടിട്ടുള്ളതായി നാം കാണുന്നില്ല. പല പേരുകൾ ഉണ്ട്. ശിഷ്യന്മാർ (അപ്പോ 9:1) ക്രിസ്ത്യാനികൾ (അപ്പോ. 11:26) വിശ്വാസികൾ (അപ്പോ. 2:44) സഹോദരന്മാർ (അപ്പോ. 15:32) വിശുദ്ധന്മാർ (എഫെ 1:1) ദൈവമക്കൾ (1 യോഹ 3:10) ഈ പേര് അല്ലാതെ മറ്റൊന്ന് എടുക്കുന്നതും ഈ പേരുകളിൽ ഏതെങ്കിലും ഒന്നു മാത്രം തങ്ങൾക്കുള്ള ഒരു പ്രത്യേക പേരായി തിരഞ്ഞെടുക്കുന്നതും ഒരുപോലെ വേദാനുസരണമല്ല.

(തുടരും)

**HIGHRANGE ECHO**

എഴുതുക.... അയയ്ക്കുക (വെളിപ്പാട് 1:11) **August 2011**

*എഡിറ്റോറിയൽ....*

## കൃപാവരം ഉപേക്ഷയായി വിചാരിക്കരുത്, കൃപാവരം ജ്വലിപ്പിക്കണം!

ആത്മീയ വരങ്ങൾ Spiritual gifts ഖാരിസ് മറ്റാ (GK) എല്ലാ നല്ല ദാനവും തികഞ്ഞവരം ഒക്കെയും ഉയരത്തിൽ നിന്നു വെളിച്ചങ്ങളുടെ പിതാവിൽ നിന്ന് ഇറങ്ങി വരുന്നു. (യാക്കോബ് 1.17). മൂപ്പന്മാരുടെ കൈവെപ്പോടു കൂടെ പ്രവചനത്താൽ നിനക്കു ലഭിച്ചതായി നിന്നിലുള്ള കൃപാവരം ഉപേക്ഷയായി വിചാരിക്കാതെ നിന്റെ അഭിവൃദ്ധി എല്ലാവർക്കും പ്രസിദ്ധമായിത്തീരേണ്ടതിന് ഇതു കരുതുക. ഇതിൽത്തന്നെ നിലനില്ക്ക (1 തിമൊ. 4-14, 15) എന്റെ കൈയ്‌വയ്പ്പിനാൽ നിന്നിലുള്ള ദൈവത്തിന്റെ കൃപാവരം ജ്വലിക്കണം. എന്നു നിന്നെ ഓർമ്മപ്പെടുത്തുന്നു. (2 തിമൊ 1.6)

വിട്ടുപിരിഞ്ഞു ക്രിസ്തുവിനോടു കൂടെ ഇരിക്കുവാനുള്ള കാലം സമീപിച്ചിരിക്കുമ്പോൾ അപ്പോസ്തലനായ പൗലോസ് യുവാവായ തന്റെ നിജപുത്രനെ പല കാര്യങ്ങൾ ഓർമ്മിപ്പിച്ചു. അതിൽ ഒന്നാമതായി ഓർപ്പിക്കണമെന്ന് പൗലോസ് ആഗ്രഹിച്ചത് അവന്റെ കൃപാവരങ്ങളുടെ കാര്യമാണ്. ബാല്യക്കാർ പലപ്പോഴും മറക്കുവാൻ സദ്ധ്യതയുള്ള ഒരു കാര്യമാണ് തങ്ങൾക്കു ലഭിച്ചിരിക്കുന്ന കൃപാവരങ്ങൾ.

സത്യത്തിന്റെ തൂണും അടിസ്ഥാനവുമായി ജീവനുള്ള ദൈവത്തിന്റെ സഭയാകുന്ന ദൈവാലയത്തിൽ നടക്കേണ്ടത് എങ്ങനെയെന്ന് നീ അറിയേണ്ടത് ഇതു എഴുന്നു(1 തിമൊ. 3.15) (ആത്മീയ മകന്റെ ഉൽക്കർഷവും മകന്റെ അനുവർത്തനവും)

ഒന്നാമതായി തിമൊഥെയോസിന് ചില കൃപാവരങ്ങൾ ദൈവജനങ്ങൾക്കു പ്രയോജനത്തിനും ആത്മീക വർദ്ധനയ്ക്കുമായി ദൈവമക്കൾക്കു വിവിധ കൃപാ വരങ്ങൾ നൽകുന്നു. "നമുക്കു ലഭിച്ച കൃപയ്ക്ക് ഒത്തവണ്ണം വെവ്വേറെ വരം ഉള്ളതുകൊണ്ടു" (റോമ 12.6) തങ്ങൾക്കുള്ള കൃപാവരം തിരിച്ചറിയണം. ചിലർ തങ്ങൾക്കില്ലാത്ത 'വരങ്ങൾ' ജ്വലിപ്പിക്കാറുണ്ട്. മറ്റു ചിലർ തനിക്കു ലഭിച്ചതായ കൃപാവരം ഉപേക്ഷയായി വിചാരിക്കുന്നു. Neglect the spiritual gift within you. കൃപാവരം പ്രയോഗിക്കുന്നിടത്ത് പിന്നോട്ടു മാറുന്നത് "മറ്റുള്ളവനെ തന്നെക്കാൾ ശ്രേഷ്ഠൻ എന്ന് എണ്ണിക്കൊള്ളുകയല്ല." ദൈവം തന്ന വരം നിരസിക്കരുത്.

എന്റെ കൈവെയ്പ്പിനാൽ നിന്നിലുള്ള ദൈവത്തിന്റെ കൃപാവരം ജ്വലിപ്പിക്കണം എന്നു നിന്നെ ഓർമ്മപ്പെടുത്തുന്നു (2 തിമൊ 1.6) പൗലോസ് 'തീ ഊതി കത്തിക്കുക' എന്ന ആശയമാണ് ഇവിടെ പ്രബോധിപ്പിക്കുന്നത്.എളിയവനായ ഈയുള്ളവന്റെ സുവിശേഷ വേലയിൽ പരിശീലിപ്പിച്ച ഗുരുക്കന്മാർ എനിക്കു പലരുണ്ട്. ഞാൻ നിർബന്ധിച്ച് തങ്ങളുടെ കൃപാവരം ഊതി കത്തിക്കുവാൻ പ്രോത്സാഹിപ്പിച്ച അനേക പ്രഭാഷകർ, സാഹിത്യകാരന്മാർ, ഗാനരചയിതാക്കൾ, ഗായകർ, സുവിശേഷകർ എന്നിവർ അതാതു മേഖലകളിൽ തിളങ്ങുന്നത് കാണുമ്പോൾ സ്തോത്രം ചെയ്യാറുണ്ട്. കൃപാവരം തിരിച്ചറിയുക. അവ ഉപേക്ഷിക്കരുത് ' വിമർശനശരങ്ങൾ' അവഗണിക്കുക! നിർദ്ദേശങ്ങൾ അനുസരിക്കുക. "എൻ മനമേ! എന്റെ കൃതി എന്റെ രാജാവിനു വേണ്ടിയത് എന്നു ഞാൻ പറയുന്നു. " (സങ്കീ: 45.1) എന്നു മനസ്സിനോടു മന്ത്രിക്കുക.

നമുക്ക് കർത്താവ് തന്നിട്ടുള്ള കൃപാവരം തിരിച്ചറിയുക. പ്രസംഗം, സംഗീതം, സാഹിത്യം, സുവിശേഷ വേല-. അഞ്ചു താലന്തല്ലോ എന്നെ ഏൽപ്പിച്ചത് എന്നു ദാസൻ പറഞ്ഞു. കൃപാവരങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ടിരുന്നാലെ അവ വർദ്ധിക്കുകയുള്ളു. തീ ഊതിയില്ലെങ്കിൽ അതു കെട്ടുപോകും. ചില സഹോദരങ്ങൾ ലഭിച്ച താലന്തുക്കൾ മണ്ണിൽ കുഴിച്ചിടുകയാണ്. അവർ കൃപാവരം ഉപയോഗിക്കുന്നില്ല. അതുകൊണ്ട് അവർ മുഖാന്തിരം മറ്റുള്ളവർക്ക് ലഭിക്കേണ്ട പ്രയോജനം ലഭിക്കുന്നില്ല. അവർ തങ്ങളിൽ തന്നെ ആത്മീക സന്തോഷം അനുഭവിക്കാൻ കഴിയാത്തവരാകുന്നു. ഓരോ സഭാംഗങ്ങളും തങ്ങളുടെ തന്നെ കൃപാവരങ്ങൾ ജ്വലിപ്പിക്കുന്നവരായിരിക്കുകയാണെങ്കിൽ ആ സ്ഥലം സഭ എന്തു മാത്രം അനുഗ്രഹിക്കപ്പെടും. എഴുന്നേൽക്കുക. നിങ്ങളുടെ വർദ്ധനയ്ക്ക് കർത്തൃകരങ്ങളിൽ ഒരു ഉപകരണമാകുക!

## സരോക്തികൾ

1. സ്വാതന്ത്ര്യം നമുക്ക് നമ്മുടെ ഹിതം ചെയ്യാനല്ല ദൈവഹിതം ചെയ്‌വാനാണ്
2. കഷ്ടമില്ലെങ്കിൽ ലാഭമില്ല. കഷ്ടം സഹിക്കുന്നതിൽ വലിയ ലാഭമുണ്ട്.
3. ആത്മാവിന്റെ ഫലം വഹിക്കണമെങ്കിൽ പാപം വേരൂന്നുവാൻ അനുവദിക്കരുത്
4. ദൈവം നമ്മെ ആശ്വസിപ്പിച്ചതിനാൽ നമുക്കു മറ്റുള്ളവരെ ആശ്വസിക്കുവാൻ കഴിയും
5. നാം മറ്റുള്ളവർക്കു സൗജന്യമായി നൽകേണ്ടതിന് ദൈവംനമുക്ക് സൗജന്യമായി തരുന്നു
6. സത്യസന്ധതപോലെ സമ്പുഷ്ടമായ പൈതൃകസമ്പത്ത് വേറെയില്ല
7. നമ്മുടെ പെരുമാറ്റം നമ്മുടെ വിശ്വാസത്തെ വെളിപ്പെടുന്നു.

## ജിമ്മിയും മമ്മിയും



*"ടീച്ചർ ഹിന്ദി പദ്യം പഠിച്ചു ചെല്ലാതിരുന്നതിന് കൈ നീട്ടാൻ പറഞ്ഞു". "എന്നിട്ട്?"*

*"കൈനീട്ടാൻ പറ്റില്ല എന്നു പറഞ്ഞു. ഹിന്ദി ആരെയും അടിച്ചേല്പിക്കാൻ ഉദ്ദേശിക്കുന്നില്ലെന്ന് പ്രധാനമന്ത്രി ആവർത്തിച്ചാവർത്തിച്ച് ലോകസഭയിൽ പറഞ്ഞിട്ടുണ്ടെന്നു പറഞ്ഞു." "ടീച്ചർ അടിച്ചില്ല!".*

### വേദനയുടെ മാഹാത്മ്യം - 3

# ങ്ഹും! നീയും നിന്റെ ദൈവവും!

ഒരു സാർവ്വത്രിക സഭയായ റോമൻ കത്തോലിക്കാസഭയുടെ ആചാരാനുഷ്ടാനങ്ങളെ വളരെ നിഷ്കൃഷ്ടതയോടെ, തലമുറകളായി, അനുവർത്തിച്ചുപോന്ന ഒരു ഭവനത്തിൽ ഞാൻ ജനിച്ചു. മാമ്മോദീസ, ആദ്യകുർബാനാ, സ്ഥൈര്യലേപനം, കുമ്പസാരം, വിശുദ്ധ കുർബ്ബാന കാണുകയും കൈക്കൊള്ളുകയും ചെയ്യുക മുതലായ കർമ്മങ്ങൾ അനുഷ്ഠിച്ചും വന്നു. എനിക്ക് അതിൽ കവിഞ്ഞൊരു ആത്മീയ ജീവിതത്തിന്റെ ആവശ്യകതയുണ്ടെന്ന് ഒരിക്കലും തോന്നിയിട്ടില്ല. വൈദീകരും, കന്യാസ്ത്രീകളും ഉൾപ്പെട്ടിരുന്ന ഞങ്ങളുടെ കുടുംബത്തിൽ ഭക്തിയിൽ കുഞ്ഞുങ്ങളെ വളർത്തുക എന്നുള്ളതും, കുഞ്ഞുങ്ങൾ ആ നിയന്ത്രണത്തിൽ നിൽക്കുക എന്നുള്ളതും കുടുംബത്തിന്റെ ശ്രേഷ്ഠതയായി കണക്കിട്ടിരുന്നു.

ഞാൻ അനുദിനം ഭക്തിയിൽ വളർന്നുകൊണ്ടേയിരുന്നു. എന്റെ വല്യപ്പച്ചനെപ്പോലെ, ദിവസവും പള്ളിയിൽ പോയി കുർബാന കണ്ടതിനുശേഷം, ബാക്കി ദിനചര്യകൾ ചെയ്യുന്ന ഒരു പതിവ് എനിയ്ക്കുണ്ടായിരുന്നു.

എന്റെ യൗവനത്തിന്റെ ആരംഭത്തിൽ, വെള്ളയുടുപ്പിട്ട വൈദീകരും, കന്യാസ്ത്രീകളും എന്നെ വളരെ ആകർഷിച്ചിരുന്നു. കന്യാസ്ത്രീകളെപ്പോലെ, ക്രിസ്തുവിന്റെ മണവാട്ടിയാകണം, അതുപോലെതന്നെ, ഞാൻ മരിച്ചശേഷം, മാർപ്പാപ്പ എന്നെ "വിശുദ്ധ" എന്നു പ്രഖ്യാപിയ്ക്കത്തക്ക പുണ്യജീവിതം നയിക്കണം എന്നുള്ളത് എന്റെ ഏറ്റവും വലിയ ആഗ്രഹമായിരുന്നു. അതുകൊണ്ട് പത്താം ക്ലാസ്സു പാസ്സായപ്പോൾ, ഞാൻ മഠത്തിൽ ചേരണ്ടതിന് എന്റെ പിതാവിനോട് അനുവാദം ചോദിച്ചപ്പോൾ, അദ്ദേഹം അതു നിരസിച്ചു. പ്രീഡിഗ്രി കഴിഞ്ഞപ്പോൾ, വീണ്ടും ഞാനഭ്യർത്ഥിച്ചു. അപ്പോൾ എന്റെ പിതാവു പറഞ്ഞു "നിന്റെ കോളേജ് വിദ്യാഭ്യാസം കഴിഞ്ഞിട്ടെടുക്കുന്ന തീരുമാനത്തെ ഞാൻ അംഗീകരിക്കാം."

ഡിഗ്രിക്കു പഠിക്കുന്ന കാലം, ഞാൻ സജീവമായി പങ്കെടുത്തിരുന്ന കത്തോലിക്കാ സഭയുടെ, ഉൾക്കളത്തിലേയ്ക്ക് അല്പമൊന്നു കണ്ണോടിക്കുവാനും, അതിനെക്കുറിച്ച് അല്പം കൂടി വ്യാപകമായി അറിയുവാനും, കേൾക്കുവാനും, തിരുമേനിമാരുടെ പുറമെ കാണുന്ന വെള്ള വസ്ത്രത്തിന്റെ വിശുദ്ധി, എത്ര മാത്രം അവരുടെ പ്രായോഗിക ജീവിതത്തിൽ അന്തർലീനമായിട്ടുണ്ടെന്നും ഒന്നു വിലയിരുത്തുവാനും ജീവിതാനുഭവങ്ങളിലൂടെയും, പത്രവാർത്തകളിൽ കൂടിയും എനിയ്ക്കിടയായിത്തീർന്നു. ഒരു വൈദീകൻ കൊലക്കേസിൽ പ്രതിയാണെന്നും, മറ്റൊരു വൈദികൻ ഒരു കന്യാസ്ത്രീയെയും കൊണ്ട് ഒളിച്ചോടിയെന്നും, വേറൊരു വൈദികന് കുശിനിക്കാരന്റെ ഭാര്യയിൽ കുഞ്ഞു ജനിച്ചതുകൊണ്ട് കുമ്പസാരിപ്പിക്കാനുള്ള തന്റെ അധികാരത്തെ നിർത്തലാക്കി എന്നും ഒക്കെയുള്ള വാർത്തകൾ കേൾക്കുകയും സ്വന്തകണ്ണാൽ കാണുകയും ചെയ്തപ്പോൾ ഞാനമ്പരന്നുപോയി. അന്നുമുതൽ ഞാൻ കത്തോലിക്കാസഭയെ വെറുക്കുവാൻ തുടങ്ങി. എന്റെ ഭക്തി ജീവിതം തണുത്തുതുടങ്ങി. എനിയ്ക്കു കന്യാസ്ത്രീയാകേണ്ട എന്ന് ഞാനെന്റെ പിതാവിനോടു പറഞ്ഞു. തിരുമേനിമാരെ ഞാൻ സംശയത്തോടെ വീക്ഷിക്കുവാൻ തുടങ്ങി. ഇതൊക്കെ കാണുന്ന ഒരു ദൈവം ഉണ്ടോ, അതോ ഇതൊക്കെ അധികാരത്തിനും ആധിപത്യത്തിനും വേണ്ടി മനുഷ്യരെ വഞ്ചിയ്ക്കുന്ന കൃത്രിമ ഭക്തിജീവിതമാണോ എന്ന് ഞാൻ ബലമായി സംശയിച്ചു. കത്തോലിക്ക സഭയുടെ ആചാരങ്ങളിൽ വല്ല അർത്ഥവുമുണ്ടോ എന്ന് ഞാൻ ആകാംഷയോടെ തിരക്കിക്കൊണ്ടിരുന്നു. കാലക്രമേണ ഞാൻ ആത്മീയ പരാജയത്തിലേക്കു നീങ്ങി. എന്നാൽ സത്യം അറിയേണ്ടതിന് ഞാൻ ഒരിക്കൽപോലും വേദപുസ്തകം വായിച്ചിട്ടില്ല ഒരിക്കലും ഞങ്ങളെ പഠിപ്പിച്ചിട്ടുമില്ല.



ആനി വിൽസൺ, ന്യൂ ജേഴ്സി

1976 ൽ, ഞാൻ ജോലി സംബന്ധിച്ച് ഡൽഹിയിൽ താമസമാക്കി. എനിക്ക് ദേവാലയവുമായി യാതൊരു ബന്ധവും ഉണ്ടായിരുന്നില്ല. ഞാൻ എന്റെ ആത്മീയപതനത്തിന്റെ മൂർദ്ധന്യാവസ്ഥയിൽ എത്തിച്ചേർന്നു. എന്നാൽ 1978 ൽ എന്റെ വിവാഹത്തോടനുബന്ധിച്ച് പള്ളിയും പട്ടക്കാരനുമായുള്ള ബന്ധം വീണ്ടും ഒരു കുറഞ്ഞയളവിൽ, പുന:സ്ഥാപിക്കേണ്ടി വന്നു. കാലതാമസമെന്യേ, പള്ളിവക സ്കൂളിൽ പ്രൈമറി സ്കൂൾ അദ്ധ്യാപികയായി ജോലി ആരംഭിച്ചു. അങ്ങനെയിരിക്കുമ്പോഴാണ് 1979 ൽ സുവിശേഷകൻ കെ. എൽ. ജോൺ പണിക്കർ തന്റെ മകനെ സ്കൂളിൽ ചേർക്കേണ്ട ആവശ്യത്തിന് ഞാനുമായി സംസാരിപ്പാനിടയായത്. കുഞ്ഞിനെ സ്കൂളിൽ ചേർത്തു കഴിഞ്ഞിട്ടും ആ സഹോദരൻ ഞങ്ങളെ കുടുംബമായി കൂടെ കൂടെ സന്ദർശിക്കാൻ തുടങ്ങി. അതെനിയ്ക്കേറ്റവും അരോചകമായി തീർന്നു. അവിടെ തുടങ്ങി എന്റെ ആത്മീയ പോരാട്ടം. അദ്ദേഹം വീട്ടിൽ വരുമ്പോൾ, ഞാനൊഴിഞ്ഞു മാറുമായിരുന്നു. കാരണം വല്ല ജോലിയും ചെയ്തു ജീവിക്കേണ്ടതിനുപകരം വേദപുസ്തകവും എടുത്തുകൊണ്ട് മറ്റുള്ളവരെ നന്നാക്കൻ നടക്കുന്ന കൂട്ടർ എന്ന് ഞാൻ സുവിശേഷകന്മാരെ കരുതിയിരുന്നു. ഒരിക്കൽ ഞാനിങ്ങനെ പറഞ്ഞു. "എനിക്ക് ക്രിസ്തു ആരെന്നും, കുരിശിൽ മരിച്ചെന്നും, ഉയിർത്തെഴുന്നേറ്റു എന്നും ഉള്ള കഥകളൊക്കെ അറിയാം. താങ്കൾക്ക് ഇതൊന്നും അറിയാത്ത വല്ല ഹിന്ദുക്കളോടോ, മുസ്ലീങ്ങളോടോ പോയി സംസാരിക്കാമല്ലോ", "ക്രിസ്ത്യാനികളെ പിടിയ്ക്കാൻ നടക്കുന്ന ക്രിസ്ത്യാനികൾ" ഇത്രയൊക്കെ പറഞ്ഞ് ഞാൻ അവഹേളിച്ചിട്ടും വാദപ്രതിവാദങ്ങൾ നടത്തിയിട്ടും പണിക്കർ സഹോദരൻ തന്റെ ഉദ്യമത്തിൽ നിന്നു പിന്മാറിയില്ല. ഒരു ദിവസം 15 മിനിറ്റ് നിർബന്ധമായി സംസാരിക്കേണ്ടതിന് അദ്ദേഹം എന്നോട് അനുവാദം ചോദിച്ചു. ഞാൻ ആ നിർബന്ധത്തിന് മനസ്സില്ലാ മനസ്സോടെ കീഴ്പ്പെട്ടു. അങ്ങനെ ഒരു ദിവസം ഞങ്ങളുടെ സംസാരം ആരംഭിച്ചു. ശരിയ്ക്കും വാദിച്ചും തർക്കിച്ചും അദ്ദേഹത്തെ ആട്ടിയോടിക്കാം, ഇനി മേലിൽ എന്റെ ഭവനത്തിൽ കയറാതവണ്ണം വാചകമടിച്ചു വീഴ്ത്താം എന്നുള്ള ഒരുക്കത്തിൽ ഞാനുമിരുന്നു. ഞങ്ങളുടെ സംഭാഷണത്തിനിടയിൽ അദ്ദേഹത്തിന്റെ ഒരു ചോദ്യം എന്നെ വല്ലാതെ കുഴക്കി. ഒരു മനുഷ്യൻ സർവ്വലോകവും നേടിയാലും തന്റെ ആത്മാവ് നഷ്ടമാക്കിയാൽ എന്തു ഫലം? (മർക്കോസ് 8:36).

ഈ ചോദ്യത്തിന് ഒരു ശരിയായ ഉത്തരം കൊടുക്കുവാൻ എനിക്കു കഴിഞ്ഞില്ല. ശുദ്ധീകരണ സ്ഥലമില്ലെന്നും, ആത്മാവു നഷ്ടമാക്കിയാൽ എന്തുഫലം എന്നുമൊക്കെ കേട്ടപ്പോൾ ഞാനൊന്നു ഞെട്ടി. കാരണം, ശുദ്ധീകരണ സ്ഥലം എന്നൊരു പദ്ധതി, ദൈവം പരലോകത്തിൽ ഏർപ്പെടുത്തിയിട്ടില്ലെങ്കിൽ പിന്നെ ഞാൻ നരകത്തിൽ പോകാനുള്ള സാധ്യതയെ അവശേഷിയ്ക്കുന്നുള്ളു. അങ്ങനെയെങ്കിൽ, സ്വർഗ്ഗത്തിൽ പോകാൻ വല്ല മാർഗ്ഗവും ഉണ്ടോ എന്ന് അറിയുവാൻ എന്റെ ആന്ത:രാത്മാവ് ആവേശത്തോടെ ആരാഞ്ഞുകൊണ്ടിരുന്നു. വേദപുസ്തകത്തിൽ എവിടെയെങ്കിലും 'ശുദ്ധീകരണസ്ഥലം' അല്ലെങ്കിൽ 'ബസ്പുർക്കാന' എന്നൊരു വാക്ക് ഉണ്ടോ എന്നറിയാൻ ഞാൻ ആ വലിയ പുസ്തകത്തിന്റെ താളുകൾ ദിവസവും മറിച്ചുകൊണ്ടിരുന്നു. ഒരിടത്തും കണ്ടെത്തിയില്ല. ഇനി എന്തു ചെയ്യണമെന്നുവിചാരിച്ചു ഞാൻ വിഷമിച്ചു. അപ്പോൾ, വി. യോഹന്നാൻ എഴുതിയ സുവിശേഷം മൂന്നാം അദ്ധ്യായം വായിക്കുവാൻ പണിക്കർ എന്നോട് ആവശ്യപ്പെട്ടു. അതു വായിച്ചെങ്കിലും, ഞാനത്ര കാര്യമായിട്ടെടുത്തില്ല. അതിനുശേഷം അവരുടെ കൂടിവരവുകളിൽ സംബന്ധിക്കാൻ തുടങ്ങി. അവരുടെ സ്നേഹം നിറഞ്ഞ പെരുമാറ്റം എന്നെ വളരെ ആകർഷിച്ചു. ആരാധനാരീതി എനിക്കു വളരെ ഇഷ്ടപ്പെട്ടു, കാരണം എല്ലാവർക്കും തുല്യത കല്പിച്ചിരുന്നു. വളരെ ശാന്തമായ അന്തരീക്ഷത്തിൽ യേശുക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളെ ധ്യാനിക്കുകയും, സ്തുതിഗീതങ്ങൾ പാടുകയും അപ്പവീഞ്ഞുകളിൽ പങ്കെടുക്കുകയും ഒക്കെ ചെയ്യുന്നത് വളരെ ഭക്തിയായി എനിക്കുതോന്നി. "നിങ്ങൾ കൂടി വരുമ്പോഴൊക്കെയും ഇതു ചെയ്യുവിൻ'' എന്നുള്ള കർത്താവിന്റെ കല്പന അപ്രകാരം തന്നെ ആചരിക്കുന്നതായി എനിക്കനുഭവപ്പെട്ടു. എന്നെ ഏറ്റവും അധികം ആകർഷിച്ചത് എല്ലാവരുടെയും പ്രാർത്ഥനയാണ്. അവർ കാണാപാഠം പഠിച്ച പ്രാർത്ഥനയല്ല ചൊല്ലിയത്, പ്രത്യുത തങ്ങളുടെ സ്വന്തവാക്കുകളാൽ, കണ്ണടച്ചിരുന്ന്, കണ്ണുനീരോടെ ദൈവത്തോട് പ്രാർത്ഥിച്ചു. ഒരു അദ്ധ്യാപികയായ എനിക്ക് ഒരു വാക്കുപോലും അങ്ങനെ പ്രാർത്ഥിക്കാനറിഞ്ഞുകൂടായിരുന്നു. എനിക്കെന്റെ ആത്മീയ അവസ്ഥയോർത്ത് ലജ്ജ തോന്നി. പ്രാർത്ഥിക്കുന്നത് എങ്ങനെയെന്നറിയുവാനും, പ്രാർത്ഥനയിൽ നമ്മുടെ മദ്ധ്യസ്ഥൻ ആരെന്നറിയുവാനും, സഭമൂലം എനിയ്ക്കിടയായിതീർന്നു. ക്രമേണ, ഈ സഭാകൂടിവരവുകളിൽ സംബന്ധിക്കുന്നതും, പ്രസംഗങ്ങൾ കേൾക്കുന്നതും, പ്രാർത്ഥനയിൽ പങ്കെടുക്കുന്നതും ഒക്കെ എനിക്കിഷ്ടമായി തീർന്നു. മാത്രമല്ല വേർപെട്ട സഭാ വിഭാഗത്തോടുള്ള പുച്ഛഭാവം മാറിയിട്ട്, എന്റെ ആത്മീയ നിലവാരത്തോട് എനിക്ക് അവജ്ഞ തോന്നി.

*(തുടരും)*

